**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1031** **11-02-2025 - ൽ മറുപടിയ്ക്ക്**

**ജല ഗുണനിലവാര നിർണയ ലാബുകൾ സ്ഥാപിക്കുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.ഐ.ഐ.ഡി.സി.) മുഖേന സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ജലഗുണനിലവാര നിർണയ ലാബുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | ഉണ്ട്. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് വേണ്ടിയുള്ള പ്രാഥമിക പരിശോധന ലാബുകൾ വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ ഹയർ സെക്കന്ററി സ്കൂൾ തലത്തിൽ കെ.ഐ.ഐ.ഡി.സി. മുഖേന നടപ്പിലാക്കി വരുന്നുണ്ട്. ഹയർ സെക്കന്ററി സ്കൂളുകളിൽ സയൻസ് ലാബുകളിൽ ജലഗുണനിലവാരവുമായി ബന്ധപ്പെട്ട് പരിശോധിക്കുന്ന പ്രധാന ഘടകങ്ങൾ നിറം, ഗന്ധം, പി.എച്ച്. മൂല്യം, വൈദ്യുതി ചാലകത, ലയിച്ചു ചേർന്നിട്ടുള്ള ഖര പദാർത്ഥങ്ങളുടെ അളവ്, അമോണിയയുടെ അളവ്, നൈട്രേറ്റിന്റെ അളവ്, കോളിഫോം ബാക്ടീരിയയുടെ സാന്നിധ്യം എന്നിവയാണ്.<br><br>നവകേരളം കർമ്മ പദ്ധതി - 2-ൽ ഉൾപ്പെടുത്തി ₹5.19 കോടി രൂപയുടെ റീബിൽഡ് കേരള ഇനീഷ്യേറ്റീവ് ഫണ്ട് ഉപയോഗിച്ച് 313 സ്കൂളുകളിൽ ജലഗുണനിലവാര ലാബുകൾ സ്ഥാപിക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ കേരളത്തിലെ അഞ്ച് ജില്ലകളായ പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, എറണാകുളം, ഇടുക്കി എന്നിവിടങ്ങളിലെ വിവിധ സ്കൂളുകളാണ് ഉൾപ്പെടുന്നത്. നിലവിൽ പ്രസ്തുത ജില്ലകളിലെ 294 സ്കൂളുകളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ നവകേരളം കർമ്മപദ്ധതി - 2-ൽ നിന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. കെ.ഐ.ഐ.ഡി.സി. 130 സ്കൂളുകളിൽ പദ്ധതി പൂർത്തീകരിക്കുകയും, 157 സ്കൂളുകളിൽ പദ്ധതി പ്രവൃത്തികൾ പുരോഗമിച്ചു വരുകയുമാണ്.<br><br>ഹരിതകേരളം മിഷൻ, എം.എൽ.എ.മാരുടെ ആസ്തി / പ്രത്യേക വികസന ഫണ്ട് ഉപയോഗിച്ച് 227 സ്കൂളുകളിൽ ജലഗുണനിലവാര ലാബുകൾ |

| | | | |
|---|---|---|---|
| | | | സ്ഥാപിക്കുന്നതിലേക്കായി ₹2.99 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ ധർമ്മടം (കണ്ണൂർ), ചിറ്റൂർ (പാലക്കാട്) മണ്ഡലങ്ങളിലെ 18 സ്കൂളുകളിൽ ഹരിതകേരളം ഫണ്ട് ഉപയോഗിച്ചും, തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട്, ഇടുക്കി, മലപ്പുറം, കണ്ണൂർ, കാസർകോട്, വയനാട് ജില്ലകളിലെ 227 സ്കൂളുകളിൽ 192 സ്കൂളുകളിൽ പദ്ധതി പൂർത്തീകരിക്കുകയും, 27 സ്കൂളുകളിൽ പദ്ധതി പ്രവൃത്തികൾ പുരോഗമിച്ചു വരുകയുമാണ്. |
| (ബി) | മണ്ണാർക്കാട് മണ്ഡലത്തിൽ പ്രസ്തുത പദ്ധതി ഏതെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലാണ് പൂർത്തിയായത്; വിശദാംശം നൽകാമോ? | (ബി) | മണ്ണാർക്കാട് മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കെ.ഐ.ഐ.ഡി.സി. മുഖേന പ്രസ്തുത പദ്ധതികളൊന്നും തന്നെ നടപ്പിലാക്കി വരുന്നില്ല. |

സെക്ഷൻ ഓഫീസർ